പെൺവഴി

ഡോ. സ്കറിയാ സക്കറിയ

മദർ ഏലീശ്വാ കേരളത്തിലെ ആദ്യത്തെ കന്യാസ്ത്രീ എന്ന ജീവചരിത്ര ഗ്രന്ഥം പലതുകൊണ്ടും പുതുമയുള്ളതാണ്. കേരള ക്രൈസ്തവസമുദായ ചരിത്രം, കേരള നവോത്ഥാനചരിത്രം, പാശ്ചാത്തീകരണം തുടങ്ങിയ വിഷയങ്ങളിൽ താത്പര്യമുള്ളവർക്ക് വിജ്ഞാനപ്രദമാണു ഗ്രന്ഥം. വളച്ചുകെട്ടില്ലാത്ത ഭാഷയിൽ രചിച്ചിരിക്കുന്നതുകൊണ്ട് സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും സുഗമമായി വായിക്കാം. മദർ ഏലീശ്വായെ(1831 -1913)യാണ് പ്രഥമ കന്യാസ്ത്രീ എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. ബ്രഹ്മചര്യം, കീഴ്വഴക്കം, ദാരിദ്ര്യം തുടങ്ങിയ വ്രതങ്ങൾ ചെയ്ത് കന്യകാലയത്തിൽ ജീവിതം മുഴുവൻ കഴിച്ചുകൂട്ടുന്ന മതാത്മകത പാശ്ചാത്യരുടെ വകയായി കേരളത്തിനു ലഭിച്ചതാണ്. കൂനൻമാവിലാരംഭിച്ച സന്ന്യാസസഭയിൽ കർമലീത്താസഭയുടെ ചിട്ടകളാണു പാലിച്ചിരുന്നത്. ലത്തീൻ സുറിയാനി ഭേദംകൂടാതെ കത്തോലിക്കരായ യുവതികൾ ഈ മഠത്തിൽ ചേർന്നു. ഫാ. ലിയോപോൾഡ് എന്ന ലത്തീൻ മിഷണറിയും പുണ്യചരിതനായ സുറിയാനിക്കാരൻ ചാവറയച്ചനും അന്ന് കൂനൻമ്മാവിലുണ്ടായിരുന്നു. അവരും കർമലീത്താസഭക്കാർതന്നെ. കർമലീത്തസഭയുടെ ചൈതന്യത്തിൽ സ്ത്രീകളുടെ സന്ന്യാസസംഘത്തെ വളർത്തിയെടുക്കുന്നതിൽ ഇരുവർക്കും പങ്കുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. പങ്കാളിത്തത്തിന്റെ തോതും തരവും ആകട്ടെ വിവാദവിഷയമാണ്. സുറിയാനിക്കാർ ചാവറ പുണ്യവാളനെ പ്രഥമ സന്ന്യാസിനിസഭയുടെ സ്ഥാപകനായി കാണുന്നു. ലത്തീൻകാരാകട്ടെ, ഏലീശ്വായെയാണ് സ്ഥാപകയായി കണക്കാക്കുന്നത്. ലിയോപോൾഡ് അച്ചനെ സ്ഥാപകനായി പരിഗണിക്കാൻ ചില യുക്തികൾ ഉണ്ടാകാം. ചാവറയച്ചൻ വിശുദ്ധപദവിയിലെത്തിയതോടെ പ്രഥമ സന്ന്യാസിനിസഭയുടെ സ്ഥാപകനാര് എന്ന ചോദ്യം വിശദമായ പഠനങ്ങൾക്കും തർക്കങ്ങൾക്കും വഴിതുറന്നു. ആ തർക്കങ്ങളിൽ ഏലീശ്വാമ്മയാണ് സ്ഥാപകയെന്ന് വാദിച്ചും തർക്കിച്ചും ധാരാളം തെളിവുകൾ ബഹുജനസമക്ഷം അവതരിപ്പിച്ചത് സൂസി കിണറ്റിങ്കൽ എന്ന സന്ന്യാസിനിയാണ്. സൂസിയുടെ വാദങ്ങൾ, ഇംഗ്ലീഷിൽ രചിച്ച ഗവേഷണപ്രബന്ധത്തിലും ലേഖനങ്ങളിലും ലഭ്യമാണ്. ഇപ്പോൾ മാത്രമാണ് ഏലീശ്വാമ്മയെക്കുറിച്ചുള്ള അറിവുകൾ ഗ്രന്ഥകാരി മലയാളത്തിൽ അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ ചരിത്രപഠിതാക്കളും മതതത്പരരും സൂസിയോടു കടപ്പെട്ടിരിക്കുന്നു.

പ്രഥമ കന്യാസ്ത്രീയെക്കുറിച്ചാണ് പുസ്തകമെങ്കിലും അതിന്റെ പശ്ചാത്തലമായി കേരളീയജീവിതത്തിന്റെ അറിയപ്പെടാത്ത വിവിധമുഖങ്ങൾ പ്രകാശിതമാകുന്നു. വിവാഹിതയായ ഒരു സ്ത്രീ ഭർത്താവിന്റെ മരണശേഷം സ്വന്തം കുഞ്ഞിനെയും കൂട്ടി മഠം രൂപീകരിക്കുന്നതും പുരുഷസന്ന്യാസിമാരുടെ സഹകരണത്തിലാണെങ്കിലും സ്വന്തം സിദ്ധികളനുസരിച്ച് സന്ന്യാസസംഘം വിപുലീകരിക്കുന്നതും നാടകീയമായി വിവരിക്കാൻ ഗ്രന്ഥകാരി ഒരുമ്പെടുന്നു. സന്ന്യാസജീവിതത്തിന്റെ കഥ പറയുമ്പോൾ സാധാരണതരത്തിൽ പ്രതീക്ഷിക്കാത്ത ക്ഷോഭങ്ങൾ ഇവിടെ കടന്നുവരുന്നു. മറ്റു പലരും കഥ പറയുമ്പോൾ കഥയ്ക്ക് വെടിപ്പും വിശുദ്ധിയും വരുത്താൻ ചെയ്യാറുള്ള മിനുക്കുപണികൾക്കൊന്നും ഇവിടെ ഒരുമ്പെടുന്നില്ല. ലത്തീൻ, സുറിയാനി സമുദായങ്ങൾ കേരളകത്തോലിക്കസഭയ്ക്കുള്ളിൽ ബലപരീക്ഷ നടത്തിയിരുന്ന ക്ഷോഭകരമായ ഘട്ടത്തിലാണ് സന്ന്യാസസഭ രൂപംകൊള്ളുന്നത്. പുരുഷന്മാരുടെയും സ്ത്രീകളുടെയും കർമലീത്താ സന്ന്യാസസഭകൾ റീത്തടിസ്ഥാനത്തിൽ പിളർന്നു. റോം ഇടപെട്ട് ആ വിഭജനത്തെ വ്യവസ്ഥാപിതമാക്കി. വിഭജനത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല എന്ന് വർത്തമാനകാലസംഭവങ്ങൾ തെളിയിക്കുന്നു.

മദർ ഏലീശ്വായുടെ കാര്യത്തിൽ ഒരു കാര്യംകൂടി പരിഗണിക്കേണ്ടതുണ്ട്. ഒരു പുരുഷാധിപത്യസമൂഹത്തിലാണ് കേരളത്തിൽ സന്ന്യാസിനിസഭയുടെ ചരിത്രജ്ഞാനം സ്വരൂപിച്ചെടുത്തത്. ഇത്തരം കാര്യങ്ങളിൽ ആണറിവുകളാണ് നാം കണ്ടു ശീലിച്ചത്. പുരുഷൻമാർ അലഞ്ഞന്വേഷിച്ചും സാഹസങ്ങൾ കാട്ടിയും വിശുദ്ധിയിലേക്കുള്ള വഴികൾ തുറക്കുന്നു. സ്ത്രീകളാകട്ടെ അടങ്ങിയൊതുങ്ങി എവിടെയെങ്കിലും കഴിഞ്ഞുകൊണ്ട് സഹനമൂർത്തികളായി കഴിഞ്ഞുവേണം വിശുദ്ധപദവിയിലെത്താൻ. ഇത്തരം മുൻവിധികളാണ് വിശുദ്ധരെക്കുറിച്ചുള്ള സാമാന്യയുക്തിയിലുള്ളത്. വിശുദ്ധ അമ്മത്രേസ്യയും മദർ തെരേസയും മറ്റും പുരുഷദൃഷ്ടിയിൽ ധിക്കാരികളും അവിവേകികളുമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇന്നവർ വിശുദ്ധിയുടെ തിളക്കം നേടിയിരിക്കുന്നു. വിശുദ്ധിയുടെ കവാടങ്ങളിലേക്ക് പെൺമയോടുകൂടി സഞ്ചരിച്ചെത്താമെന്ന് ഇരുപത്തൊന്നാം നൂറ്റാണ്ട് തിരിച്ചറിയുന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ച കന്യാസ്ത്രീയെക്കുറിച്ച് മറ്റൊരു കന്യാസ്ത്രീ ചരിത്രമെഴുതുമ്പോൾ അറിവുടമസ്ഥതയിൽ ക്ഷോഭമുണ്ടാവുക സ്വാഭാവികം. ദളിതറിവുകളും പെണ്ണറിവുകളും ന്യൂനപക്ഷ അറിവുകളും ചരിത്രമണ്ഡലത്തിൽ സൃഷ്ടിക്കുന്ന ക്ഷോഭങ്ങൾ അനുസ്മരിക്കുക. ഗ്രന്ഥകാരിയായ സി. സൂസി കിണറ്റിങ്കലിന്റെ ജീവചരിത്രകൃതി വിലയിരുത്തുമ്പോൾ സുമനസ്സുകൾ ഇക്കാര്യംകൂടി പരിഗണിക്കണം. ക്ഷോഭംകലർന്ന ചിന്തകൾ തത്ത്വനിഷ്ഠമായും സംവാദാത്മകമായും അവതരിപ്പിക്കാൻ ഗ്രന്ഥകാരി ശ്രമിച്ചിട്ടുണ്ട്. അവരുടെ ദൃഷ്ടിയിൽപ്പെടാതെയും ഗൗനിക്കപ്പെടാതെയും മറ്റനേകം ചരിത്രരേഖകളും ഓർമകളും ഉണ്ടാകാം. അവ വെളിച്ചത്തുവരണം. ചർച്ച ചെയ്യപ്പെടണം. വ്യാഖ്യാനിക്കപ്പെടണം. ചരിത്രമണ്ഡലത്തിലുണ്ടാകുന്ന പുതിയ വെളിച്ചം കേരള കത്തോലിക്കസമൂഹത്തിനും

നവോത്ഥാനപഠനത്തിനും ഊർജ്ജം പകരും. ഇത് പുരോഹിതമണ്ഡലത്തിലോ മതമണ്ഡലത്തിലോ തറഞ്ഞുനിൽക്കരുത്. ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലെ ചുരുങ്ങിപ്പോകരുത്.

അടുത്തകാലത്തായി കേരളക്രൈസ്തവരെക്കുറിച്ച് ധാരാളം ചരിത്രപഠനങ്ങൾ പുറത്തുവരുന്നുണ്ട്. അവയിൽ സിംഹഭാഗവും സഭാചരിത്രമെന്ന ലേബലിൽ മാറ്റിവയ്ക്കാവുന്നതാണ്. മതചരിത്രമെന്നു വിശേഷിപ്പിക്കാവുന്ന തരത്തിൽ തത്ത്വനിഷ്ഠമായ രചനകൾ വിരളമാണ്. പൊതുപ്രസിദ്ധീകരണശാലകൾ ക്രൈസ്തവരെക്കുറിച്ച് പ്രസിദ്ധീകരിക്കുന്ന രചനകളാവട്ടെ ജനപ്രിയമാകാനുള്ള വെമ്പലിൽ സ്വയം ദുർബലപ്പെടുന്നു. ക്രൈസ്തവസഭാചരിത്രരചനകളിൽ മഹാഭൂരിപക്ഷവും വൈദികരിൽനിന്നാണ്. മിഷണറിമാരുടെ കാലത്തു തുടങ്ങിയ ചരിത്രരചനാപാരമ്പര്യം ഇന്ന് കുടുംബചരിത്രതലത്തോളം വ്യാപിച്ചിട്ടുണ്ട്. ചരിത്രകൗതുകം ചരിത്രകലഹമായി വ്യാപിക്കുന്നതും പലപ്പോഴും കാണാം. കേരളക്രൈസ്തവസഭയുടെ ചരിത്രത്തിൽ നിർണായകമായ രേഖകളും സംഭവങ്ങളും ഒട്ടും കുറവല്ല. നാട്ടിലും വിദേശത്തുമുള്ള രേഖാലയങ്ങളിൽ വിലപ്പെട്ട രേഖകൾ കണ്ടെത്താവുന്നതാണ്. ഇരുപതാം നൂറ്റാണ്ടിൽ, വിശിഷ്യാ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം വിവിധ കത്തോലിക്കസമൂഹങ്ങളും ഉപവിഭാഗങ്ങളും പരസ്പരം മത്സരിച്ച് ചരിത്രരചനകൾ പ്രസിദ്ധീകരിച്ചു. ബൃഹത്ഗ്രന്ഥങ്ങൾ മുതൽ രണ്ടോ മൂന്നോ പുറങ്ങൾ മാത്രമുള്ള ലഘുരേഖകൾവരെ ചരിത്രവിജ്ഞാനമെന്ന മട്ടിൽ പ്രത്യക്ഷപ്പെട്ടു. പോസ്റ്റ് മോഡേണിസത്തിന്റെ സ്വാധീനംകൊണ്ടാകാം വൈവിധ്യപൂർണമായ ആഖ്യാനങ്ങൾക്ക് ചരിത്രമേഖലയിൽ ഇടമുണ്ടെന്നു വന്നു. സ്വമതസ്ഥാപനത്തിനുള്ള വ്യവഹാരങ്ങളെന്ന നിലയിൽ ബഹുവിധ ആഖ്യാനങ്ങൾക്ക് ഇടം നൽകാവുന്നതാണ്. കർമലീത്താ സന്യാസിനിസഭയുടെ സ്ഥാപനത്തെക്കുറിച്ചുള്ള വ്യത്യസ്ത ആഖ്യാനങ്ങൾ ഇതിനുദാഹരണങ്ങളാണ്. ചരിത്രം ഏകാത്മകമാണെന്ന ധാരണ ഇന്നു സർവസമ്മതമല്ല. ആഖ്യാനത്തിന്റെ ലക്ഷ്യം, രീതിശാസ്ത്രം, ലോകബോധം എന്നിവയെ ആശ്രയിച്ചിരിക്കും. ഓരോ ആഖ്യാനത്തിനും ഉപപാദനസാമർത്ഥ്യമാണ് വേണ്ടത്. പൂർവപക്ഷങ്ങൾ തിരിച്ചറിഞ്ഞ് പ്രത്യാഖ്യാനങ്ങളിലൂടെ പ്രതിബോധം നിർമ്മിക്കാൻ കഴിയണം. കേവലപുണ്യചരിതങ്ങളിൽനിന്നു വ്യത്യസ്തമാണ് ഇത്തരം ചരിത്രാഖ്യാനങ്ങൾ. തത്ത്വനിഷ്ഠവും യുക്തിഭദ്രവും സംവാദാത്മകവുമാണ് നല്ല ചരിത്രരചനകൾ. സി. സൂസി കിണറ്റിങ്കലിന്റെ *മദർ ഏലീശ്വാ - കേരളത്തിലെ ആദ്യത്തെ കന്യാസ്ത്രി* ആരോഗ്യകരമായ പുതിയ സംവാദങ്ങൾക്കു വഴിതുറക്കുമെന്ന് ഞാൻ കരുതുന്നു. സർവോപരി, സാഹസിക പുണ്യജീവിതംകൊണ്ട് കേരളീയ സ്ത്രീകൾക്കു മതിപ്പുണ്ടാക്കിയ ഏലീശ്വാമ്മ കേരളീയ നവോത്ഥാനശില്പികളിൽ ഒരാളായി പേരെഴുതപ്പെടട്ടെ.

15 ഡിസംബർ 2016